പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 918** 05.03.2018- ൽ മറുപടിക്ക്

**മട്ടന്നൂർ-ശിവപുരം-തോലമ്പ്ര-പേരാവൂർ റോഡ് നിർമ്മാണം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഇ.പി.ജയരാജൻ** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ 28.11.2017-ലെ സർക്കാർ ഉത്തരവ് നമ്പർ 1785 / 2017/പിഡബ്ല്യൂഡി ഉത്തരവ് പ്രകാരം നബാർഡ് സഹായം ലഭിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ ഭരണാനുമതി ലഭിച്ച മട്ടന്നൂർ നിയോജക മണ്ഡലത്തിലെ മട്ടന്നൂർ-ശിവപുരം-തോലമ്പ്ര-പേരാവൂർ റോഡ് നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയുണ്ടായോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) യും (ബി) യും | സർക്കാർ ഉത്തരവ് നമ്പർ 1785/2017/പിഡബ്ല്യൂഡി 28.11.2017 പ്രകാരം നബാർഡ് RIDF XXIII-ൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തിയിൽ 20.85 കി.മി റോഡ് ചെയ്യുന്നതിന് 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചപ്പോൾ റോഡിന്റെ നീളം 9.6 കി.മി ആയി കുറഞ്ഞു. ബാക്കി 11.250 കി.മി. റോഡ് സെൻട്രൽ റോഡ് ഫണ്ടിൽ ടെണ്ടറിംഗ് സ്റ്റേജിലാണെന്നും അറിയാൻ കഴിഞ്ഞു. അതിനാൽ പ്രസ്തുത പ്രവൃത്തിയുടെ പുനർ നാമകരണത്തിനും അംഗീകാരത്തിനുമായി ചീഫ് എഞ്ചിനീയർ (റോഡ്സ്) സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. |
| (ബി) നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കത്തക്കവിധമാണ് നടപടികൾ മുന്നോട്ടു പോകുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ